"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - 44 ക്ലാർക്ക് തസ്തികകളുടെ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് എംപ്ലോയ്മെന്റ് എക്സേഞ്ച് മുഖേന ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അനുമതി നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.175/2025/TAXES തീയതി,തിരുവനന്തപുരം, 27-02-2025

പരാമർശം:-
1. 25.01.2020-ലെ സ.ഉ.(കൈ) നം.14/2020/നി.വ. നമ്പർ സർക്കാർ ഉത്തരവ്
2. 14.03.2024 ലെ സ.ഉ.(സാധാ) നം.248/2024/ടാക്സസ് നമ്പർ സർക്കാർ ഉത്തരവ്
3. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 30.10.2024-ലെ SLTY/5706/2024-E3 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 44 താല്ക്കാലിക ക്ലാർക്ക് തസ്തികകൾ സൃഷ്ടിച്ചും ടി തസ്തികകളിലേയ്ക്ക് കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അനുമതി നല്കിയും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി തസ്തികകൾക്ക് തുടർന്നുള്ള ഓരോ വർഷങ്ങളിലും തുടർച്ചാനുമതി നല്കിയിരുന്നു. അവസാനമായി, പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം ടി തസ്തികകൾക്ക് 24.01.2025 വരെ തുടർച്ചാനുമതി നല്കിയിരുന്നു.

2. വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് ടി 44 താല്ക്കാലിക ക്ലാർക്ക് തസ്തികകൾ അത്യന്താപേക്ഷിതമാണെന്നും അതിനാൽ ടി തസ്തികകളുടെ കാലാവധി 25.01.2025 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നല്കണമെന്നും പരാമർശം (3) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ വർദ്ധിച്ചുവരുന്ന ജോലിഭാരം കണക്കിലെടുത്ത്, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ പരാമർശം (1) പ്രകാരം അനുവദിച്ച 44 ക്ലാർക്ക് തസ്തികകളുടെ കാലാവധി 25.01.2025 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ദിവസ വേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വന്ദന എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) തിരുവനന്തപുരം
3. ധനകാര്യ വകുപ്പ് (10.02.2024 ലെ 267132/Exp.B1/652/2022-Fin പ്രകാരം)
4. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ കാര്യാലയം (സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
5. വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
6. സ്റ്റോക്ക് ഫയൽ (TAXES-H1/304/2024-TAXES )

ഉത്തരവിൻ പ്രകാരം

Signed by
Kabeer. C. A
Date: 01-03-2025 15:54:32
സെക്ഷൻ ഓഫീസർ